**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 765** **24-02-2022 - ൽ മറുപടിയ്ക്ക്**

**ആദിവാസി ഊരുകളിലെ പെൺകുട്ടികളുടെ ആത്മഹത്യ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ് | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പെരിങ്ങമ്മല, വിതുര ഗ്രാമപ്പഞ്ചായത്തുകളിലെ ആദിവാസി ഊരുകളിൽ പെൺകുട്ടികൾ ആത്മഹത്യ ചെയ്ത സംഭവത്തിൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | അന്വേഷണം നടത്തുന്നതിന് നെടുമങ്ങാട് ITDP പ്രൊജക്ട് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമേ പൊലീസ് അന്വേഷണം നടന്നു വരികയുമാണ്. |
| (ബി) | പ്രസ്തുത സംഭവങ്ങളെ തുടർന്ന് സമാന സംഭവങ്ങൾ ഉണ്ടാകുന്നത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | പട്ടിക വർഗ വികസന, ശിശുസംരക്ഷണ വകുപ്പുകൾ ചേർന്ന് ടി മേഖലയിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം തടയുന്നതിന് എക്സൈസ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപിപ്പിച്ചുള്ള പ്രവർത്തനം നടന്നുവരുന്നു. കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സ്, കൗൺസിലർമാർ തുടങ്ങിയ മറ്റ് വിദഗ്ധരുടെ സേവനവും പ്രയോജനപ്പെടുത്തി വിദ്യാലയങ്ങളിലും സങ്കേതങ്ങളിലും ബോധവൽക്കരണം നടത്തിവരുന്നു. |
| (സി) | ആദിവാസി ഊരുകളിലെ പെൺകുട്ടികളെ ലഹരി മാഫിയ സംഘങ്ങൾ ലക്ഷ്യമിടുന്നു എന്ന കാര്യം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | ഈ കാര്യങ്ങൾ സംബന്ധിച്ച് പൊലീസും എക്സൈസും ചേർന്ന് അന്വേഷണം നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ